## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3917      20.07.2015-ലെ മറുപടിക്ക്

### കാരായ്മ കുടിയാൻമാരുടെ അവകാശ സംരക്ഷണത്തിനായി നിയമനിർമ്മാണം

**ചോദ്യം**
ശ്രീ.കെ.മുരളീധരൻ

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|---|---|
| (എ) | കാരായ്മ കുടിയാൻ മാരുടെ അവകാശ സംരക്ഷണം ലക്ഷ്യമിട്ട ദി കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ.1994-ന് മേൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | വിവരം ശേഖരിച്ചു വരുന്നു | ദി കേരള ലാന്റ് റിഫോംസ് (അമെന്റ്മെന്റ്) ബിൽ.1994 എന്ന പേരിൽ ബിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.<br><br>കാരായ്മ കുടിയാന്മാരെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത് 1969-ൽ നടപ്പാക്കിയ 35-ാം നിയമഭേദഗതിയിലൂടെയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കാരായ്മ ആധാരപ്രകാരം ഏറ്റുവാങ്ങിയ ഭൂമിയ്ക്ക് മാത്രം ലാന്റ് ട്രൈബ്യൂണലിൽ നിന്ന് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. കാരായ്മ കുടിയാന്മാർ പ്രാഥമിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സമീപസ്ഥ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് 1989-ൽ 16-ാം ഭൂപരിഷ്കരണ ഭേദഗതി നിയമം പ്രകാരം സാധ്യത കൈവരുകയും ചെയ്തു. ഈ നിയമം ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br><br>ബഹുമാനപ്പെട്ട ഹൈക്കോടതി കാർത്ത്യായനി മുതൽ പേർ Vs ദമയന്തി മുതൽ പേർ കേസിൽ ആക്ട് 16/89-ലെ ഭേദഗതി നിയമത്തിലെ "Land under Karaima" എന്ന പദത്തിന് പട്ടയം ലഭിക്കാത്ത ഭൂമി എന്ന അർത്ഥവ്യാഖ്യാനം നൽകി 24/01/1989-ന് പട്ടയം ലഭിച്ചിട്ടില്ലാത്തവർ മാത്രമേ ഈ ആക്ടിന്റെ പരിധിയിൽ വരുകയുള്ളൂ എന്ന് വിധി പുറപ്പെടുവിച്ചിരുന്നു. കാരായ്മ ആധാരപ്രകാരം ഒരിയ്ക്കൽ പട്ടയം കിട്ടിയ കാരായ്മ കുടിയാൻ, കുടിയാൻ അല്ലാതായി തീരുന്നതായും ഒരു സെന്റോ അതിൽ കുറവോ ഭൂമിയ്ക്ക് പട്ടയം കിട്ടിയ ഭൂവിഭാഗം കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശമായി ഭൂമി ലഭിയ്ക്കാൻ കൊണ്ടുവന്ന ഭേദഗതി നിയമം 16/89-ന്റെ പ്രയോജനം ലഭിക്കാതെ പോവുകയുണ്ടായി. കാരായ്മ കുടിയാന്മാർക്ക് കൂടുതൽ അവകാശങ്ങൾ നൽകണമെന്ന ഉദ്ദേശ്യത്തോടെ കെ.എൽ.ആർ. ആക്ടിൽ വരുത്തിയ ഭേദഗതി 21/1999- ആക്ട് ഭരണഘടനാ വിരുദ്ധവും ആയതിനാൽ ഈ ഭേദഗതി നിയമവ്യഷ്യാനിലനിൽക്കുന്നതല്ല എന്ന് |

| | | | | |
|---|---|---|---|---|
| | | | | ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. <br><br> ആക്ട് 21/99 ബഹു.ഹൈക്കോടതി റദ്ദാക്കിയിരുന്നതിനാൽ ആക്ട് 16/89-ലെ വ്യവസ്ഥകളാണ് നിലവിലുള്ളത് . അത് പ്രകാരം അപേക്ഷകൾ സ്വീകരിച്ച് ഉചിതമായ തീരുമാനം ബന്ധപ്പെട്ട ലാന്റ് ട്രൈബ്യൂണലുകൾക്ക് എടുക്കുന്നതിന് തടസ്സമില്ലാ എന്ന് നിയമ വകുപ്പ് നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി, ലാന്റ് ബോർഡിനും ജില്ലാ കളക്ടർ കോഴിക്കോടിനും സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. കാരായ്മകുടിയാന്മാർ കൈവശഭൂമിയുടെ പട്ടയം ലഭിക്കുന്നതിനായി കോഴിക്കോട് സെപ്ഷ്യൽ തഹസിൽദാർ (എൽ.ആർ) മുൻപാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ നടപടികൾ സ്വീകരിച്ച് അർഹതപ്പെട്ടവർക്ക് പട്ടയം അനുവദിച്ച് നൽകുന്നതിനായി, മാർച്ച് മുതൽ ആഗസ്റ്റ് മാസം വരെ പ്രതിമാസം മൂന്ന് അദാലത്തുകൾ വീതം കോഴിക്കോട് സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) ന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| ബി) | കാരായ്മ കുടിയാൻമാർക്ക് ഭൂമിയുടെ മേലുള്ള അവകാശവും മറ്റും സംരക്ഷിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ ? | (ബി) | | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ